## കേരള സർക്കാർ

## ഉദ്യോഗസ്ഥഭരണ പരിഷ്കാര (എ.ആർ-13) വകുപ്പ്

നം.188/എ.ആർ13(2)/18/ഉഭപവ

തീയതി, തിരുവനന്തപുരം 20.07.2018

### <u>പരിപത്രം</u>

വിഷയം:- സർക്കാർ ജീവനക്കാർ ബഹു. ഹൈക്കോടതി ജഡ്ജിമാരെ ഔദ്യോഗിക ആവശ്യങ്ങൾക്ക നേരിട്ട അതിസംബോധന ചെയ്യുന്ന തെറ്റായ കീഴ്വഴക്കവുമായി ബന്ധപ്പെട്ട കർശന നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

ചില സർക്കാർ ജീവനക്കാർ ബഹു. ഹൈക്കോടതിയിലെ കേസുകളുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിലെ ജഡ്ജിന് നേരിട്ട് കത്തയച്ച നടപടി അഡ്വക്കേറ്റ് ജനറൽ സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുകയും, ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. റൂൾസ് ഓഫ് കറസ്പോണ്ടൻസിന് വിരുദ്ധമായ ഈ നടപടി സർക്കാർ പരിശോധിച്ചു.

മേൽ സാഹചര്യത്തിൽ എല്ലാ ഉദ്യോഗസ്ഥരും ബഹു. ഹൈക്കോടതിയിലും മറ്റ അധികാരസ്ഥാനങ്ങളിലേയും കത്തിടപാടുകൾ നടത്തുമ്പോൾ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെയും മാന്വൽ ഓഫ് ഓഫീസ് പ്രൊസീജറിലെയും റൂൾസ് ഓഫ് കറസ്പോണ്ടൻസ് കർശനമായും പാലിക്കേണ്ടതാണെന്നും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ വകുപ്പദ്ധ്യക്ഷന്മാർ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണെന്ന കർശന നിർദ്ദേശം ഇതിനാൽ പുറപ്പെടുവിക്കുന്നു.

കെ. ഗോപാലകൃഷ്ണ ഭട്ട്
സ്പെഷ്യൽ സെക്രട്ടറി

<u>വകർപ്പ്:</u>
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും /പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടേറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
എല്ലാ വകുപ്പ് മേധാവികൾക്കും /ജില്ലാ കളക്ടർമാർക്കും
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം(അച്ചടി, ദൃശ്യമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ